## 37

യേശു എന്റെ രക്ഷകൻ എത്രയാനന്ദം
തന്റെ നാമം വാനം ഭൂവിലെത്ര ശ്രേഷ്ഠമാം

1 പാപികളെത്തേടി യേശു പാരിതിൽ വന്നു
പാവന നിണം ചൊരിഞ്ഞു പാരിതിൻ മദ്ധ്യേ
കു ദൈവസ്നേഹം ക്രൂശിൽ പുത്രനെ കൊന്നുതന്ന
രക്ഷ എന്തൊരാശ്ചര്യം! മഹാത്ഭുതം!-

2 മൃത്യുവെ തകർത്തു ഉയിർത്തെഴുന്നു കർത്തനും
മർത്ത്യതയ്ക്കറുതി വന്നു തന്നുയിർപ്പിനാൽ
മൃത്യുവിന്നടിമയിലിരുന്നതാം ജനം
നിത്യമാം പ്രകാശത്താൽ പ്രശോഭിതരായി-

3 ഇത്ര ശ്രേഷ്ഠ നായകൻ എനിക്കു കർത്തനാം
തന്റെ ശ്രേഷ്ഠ നാമമെന്റെ കീർത്തനം സദാ
പാർത്തലത്തിൽ പാർത്തിടുന്ന കാലമത്രയും
ആർത്തിയോടെൻ നാഥനെ വണങ്ങി വാഴ്ത്തിടും-

4 പൂകി യേശു വാനലോകെ നാഥൻ പക്ഷത്തിൽ
മേവിടുന്നാചാര്യനായി തൻ ജനത്തിനായ്
പരമതികൾ പുരമൊരുക്കി അരികിലാക്കുവാൻ
വിരവിലേശു വന്നിടും തിരുജനത്തിനായ് K.V.I